# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മങ്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-17/1448/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 08/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മങ്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി-17/1448/22 തീയ്യതി: 08/07/2022

## പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-02-2022 മുതൽ 20-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശശിഭൂഷൻ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 21-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷർഫുദ്ദീൻ.എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫസീസർ
ശ്രീമതി.സുജാത.എഅസിസ്റ്റന്റ് ഓഡിറ്റ് ഓഫസീസർ
ശ്രീ.രഞ്ജിത്ത്.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ജിൻസി.എസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.ഗോകുൽദാസ്.എം.എൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ജയദാസ്.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുനിത.സി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ശബ്ന.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.ജിമ്മി ജോർജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ധനേഷ്.ടി.ആർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്മിത സാമുവൽ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.അനൂപ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സന്തോഷ്.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ഫാത്തിമ രഹ്ന | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 06-02-2021 |
| ഡോ.മഞ്ജുഷ മുരളി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 07-02-2021 | 31-03-2021 |
| ശ്രീമതി.പ്രഭ | എൽ.പി.എസ്.എ (ഹെഡ് മിസ്ട്രസ് ഇൻ-ചാർജ്ജ്) | 01-04-2020 | 31-03-2021 |
| ശ്രീമതി.സരസ്വതി.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രാധിക.സി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Ranjith. R (Auditor, On 27-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 29-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A. Sujatha (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-10 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Ranjith. R (Auditor, On 27-06-2022) | 1-11 |
| 13 | ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Ranjith. R (Auditor, On 27-06-2022) | 1-11-1 |
| 14 | ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-11-2 |
| 15 | ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-11-3 |
| 16 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-12 |
| 17 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ | 1-13 |

| | | |
|---|---|---|
| | നഷ്ടം<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | |
| 18 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹമായ മുഴുവൻ ആനുകൂല്യവും നൽകിയിട്ടില്ല<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-14 |
| 19 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി- ജിഎസ്ടി ടിഡിഎസ് ഈടാക്കിയില്ല<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-15 |
| 20 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-16 |
| 21 | ഫിഷറീസ് മേഖലയിൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയില്ല<br>Written By: Ranjith. R (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-17 |
| 22 | തെരുവ് വിളക്ക് മെയിന്റനൻസ്- കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-18 |
| 23 | എൻ ആർ ഇ ജി എസ് ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ-നടപടിക്രമം പാലിച്ചില്ല<br>Written By: A. Sujatha (Asst. Audit Officer, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-19 |
| 24 | കാർഷിക കർമ്മസേനക്ക് യന്ത്രം വാങ്ങൽ- കർമ്മസേനയുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-20 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പൂർത്തീകരിച്ചിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-21 |
| 26 | ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം<br>Written By: A. Sujatha (Asst. Audit Officer, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-22 |
| 27 | ഭവനപുനരുദ്ധാരണം- പൂർത്തീകരിച്ചിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-23 |
| 28 | കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്- ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല.<br>Written By: A. Sujatha (Asst. Audit Officer, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-24 |
| 29 | MGNREGS-മെറ്റീരിയൽ വർക്ക്-പ്രൊക്യൂർമെന്റ് മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-25 |
| 30 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-26 |
| 31 | പകൽ വീട്- നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 29-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-27 |

| | | |
|---|---|---|
| 32 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 1-28 |
| ഭാഗം **2** | | |
| 1 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്- ഫീസ് കുറവായി ഈടാക്കി<br>Written By: Ranjith. R (Auditor, On 29-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A. Sujatha (Asst. Audit Officer, On 25-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 29-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: A. Sujatha (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 08-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 08-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തേക്കുള്ള ബജറ്റ് 27-03-2020-ലെ തീരുമാനം നം. 1 പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹3381980 |
| തൻവർഷം വരവ് | ₹139768500 |
| ആകെ വരവ് | ₹143150480 |
| ചെലവ് | ₹141123500 |
| നീക്കിയിരിപ്പ് | ₹2026980 |

16-02-2021-ലെ തീരുമാനം നം.1 പ്രകാരം റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31.07.2021 | 11.06.2021 | - | - |

## 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ മുന്നിരിപ്പിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2. പെർമിറ്റ് രജിസ്റ്ററിലെ സംക്ഷിപ്തം വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി ഷെയർ നൽകിയ 2,00,000/- രൂപ ബാലൻസ്ഷീറ്റിൽ ഇൻവെസ്റ്റ്മെന്റായി ഉൾപ്പെടുത്തിയിട്ടില്ല.

4. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

5. സംശയാസ്പദ കുടിശ്ശിക തുകകൾക്ക് തൻവർഷത്തേക്കുള്ള പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6. കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം ഇനത്തിൽ 2,89,394/- രൂപ കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.
(ഓഡിറ്റ് അന്വേഷണം നം.15/ 27-06-2022)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹16176993 |
| വരവ് | ₹68045521 |
| ആകെ | ₹84222514 |
| ചെലവ് | ₹68764015 |
| നീക്കിയിരിപ്പ് | ₹15458499 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 9940512 | 9940512 | 8978388 | 962124 |
| വികസനഫണ്ട് - എസ്.സി.പി (**) | 0 | 9158451 | 9158451 | 7545288 | 1613163 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11841000 | 11841000 | 11764444 | 76556 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3456681 | 3456681 | 2868300 | 588381 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 7106410 | 7106410 | 5675120 | 1431290 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- പെർഫോർമൻസ് ഗ്രാന്റ് | 0 | 4320000 | 4320000 | 1834502 | 2485498 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 2118835രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് ചെലവ് തുകയായ 102549രൂപ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന് ജി.ഒ പ്രോജക്റ്റ് രൂപികരിച്ചിട്ടില്ല

1. കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 1044640 | 740145 | 1784785 | 1366961 | 417824 |
| TSC | 217884 | 2232304 | 2450188 | 829442 | 1620746 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1245 | 1551229 | 1552474 | 1546731 | 5743 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 41034522 | 41034522 | 41034522 | 0 |
| ആകെ | 1245 | 42585751 | 42586996 | 42581253 | 5743 |

മേൽ പറഞ്ഞ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമാണ് ചേർത്തിരിക്കുന്നത്. ആയത് എം.ജി.എൻ.ആർ.ഇ.ജി.എസ് കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

3.സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് | 0 | 200000 | 200000 | 200000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 91239035 | 154 | 49769121 | - | 61 | 71.63 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 71.63% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 54.55% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 7325241 | 5314139 | 72.55 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 1076000 | 410000 | 38.1 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 2 | 621697 | 608713 | 97.91 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 240000 | 240000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 3 | 815000 | 800000 | 98.16 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 738000 | 0 | 0 |
| വി.ഇ.ഒ | 19 | 19 | 26799759 | 7927035 | 29.58 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 5692362 | 5236957 | 92 |
| സെക്രട്ടറി | 12 | 8 | 2502238 | 1894302 | 75.7 |
| എച്ച്.എം | 2 | 2 | 650000 | 642499 | 98.85 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 144 | 91 | 41714253 | 23723623 | 75.7 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 950000 | 950000 | 100 |
| അസി.സെക്രട്ടറി | 4 | 4 | 2114485 | 2021853 | 95.62 |
| ആകെ | 215 | 154 | 91239035 | 49769121 | 54.55 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 1245 | 1551229 | 1552474 | 1546731 | 5743 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളി കളുടെ വേതനം | 0 | 41034522 | 41034522 | 41034522 | 0 |
| ആകെ | 1245 | 42585751 | 42586996 | 42581253 | 5743 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | വാർഷിക കണക്ക് പ്രകാരം ചെലവ് രേഖപ്പെടുത്തിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5784500 | 385 |
| 2 | വിധവാ പെൻഷൻ | 10366200 | 715 |
| 3 | വാർദ്ധക്യകാല പെൻഷൻ | 21202100 | 1534 |
| 4 | വികലാംഗ പെൻഷൻ | 3053000 | 204 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1036300 | 72 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 300000 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-06-2022-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4531/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം.1 ആയി ചേർത്തിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്‌വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ

അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് വെക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് വസ്തു നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറയ്ക്ക് നികുതി ഡിമാന്റ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 2020-21 ൽ മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗയശൂന്യമാകുന്ന വസ്തുവകകൾ കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റന്റൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്, മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് Software (സകർമ്മ) ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്. ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2020-21 വർഷം

സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹ 7157012 ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.4.22 | ഫെബ്രുവരി 2022 മുതൽ മാർച്ച് 2022 വരെ | 26.4.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.12.2019 | 2014-15 മുതൽ 27.12.2019 | 14.1.20 |

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ 5 ഖണ്ഡികകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. പെർഫോമൻസ് ഓഡിറ്റിന്റെ റിപ്പോർട്ടുകളിലെ 2022 മാർച്ച് വരെയുള്ള റിപ്പോർട്ടുകളിൽ 15 പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി ഉത്തരവായിരുന്നു. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക II-ൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾപ്രകാരം ലൈസൻസ് നൽകൽ നടപടിക്രമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടില്ല. അപേക്ഷകളിൽ മൂലധന നിക്ഷേപത്തിന് പകരം ദൈനംദിന വിറ്റുവരവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസ് നിരക്ക് നിശ്ചയിച്ചിട്ടില്ല.

### 1-11-2 ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു

31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)

ഭേദഗതി ചട്ടങ്ങളിലെ പുതുക്കിയ പട്ടിക II പ്രകാരം സേവന മേഖലയിൽ 2 കോടി രൂപയിൽ കവിയുന്നതും 5 കോടി രൂപയിൽ കവിയാത്തതുമായ ഇടത്തരം സംരംഭങ്ങൾക്ക് ചുമത്താവുന്ന ലൈസൻസ് ഫീസ് 10000/- രൂപയാണ്. താഴെ പറയുന്ന സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതായി കാണുന്നു.

| സ്ഥാപന ത്തിന്റെ പേര് | മൂലധന നിക്ഷേപം | ചുമത്താവുന്ന പരമാവധി ഫീസ് | ചുമത്തിയ ഫീസ് | വ്യത്യാസം | ലൈസൻസ് ഫീസ് അടവാക്കിയ രശീതി നമ്പർ, തീയതി |
|---|---|---|---|---|---|
| ഫോർച്ച്യൂൺ ഹിൽസ് ഹോട്ടൽ & ലോഡ്ജിംഗ് | 3.29 കോടി (സേവനം) | 10000 | 5000 | 5000 | 120030103336/ 17-02-21 |

ഓഡിറ്റ് അന്വേഷണം 06/25-06-2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
കുറവായി ഈടാക്കിയ തുക, 5000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-11-3 ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1. റേഷൻ കടകളും മാവേലി സ്റ്റോറും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയുടെ നടത്തിപ്പിനും ക്രമ നം. 150 പ്രകാരം മണ്ണെണ്ണയുടെ വിൽപന നടത്തുന്നതിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കും മാവേലി സ്റ്റോറിനും ലൈസൻസ് അനുവദിച്ചിട്ടില്ല.

2. ക്ഷീരോൽപാദക സംഘങ്ങൾ ലൈസൻസ് ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം പാൽ സംഭരണം, വിൽപന എന്നിവയ്ക്ക് ലൈസൻസ് ആവശ്യമാണ്. എന്നാൽ പുല്ലോട്, കിഴക്കുംപുറം, കണ്ണംപരിയാരം എന്നീ ക്ഷീരോൽപാദക സംഘങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിച്ചു.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.06/25-06-2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ലൈസൻസ് കൂടാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-12 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 -ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽ നികുതി ഈടാക്കുന്നതിലെ കാര്യക്ഷമത പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപനം സ്ഥിതിചെയ്യുന്ന കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷ പ്രകാരം ജീവന ക്കാരുടെ |
|---|---|---|---|---|

| | | | | എണ്ണം |
|---|---|---|---|---|
| 1 | 39 | പി.സുകുമാരൻ നായർ, കിഡ്സ് ഗെയിം | 11/688 | 4 |
| 2 | 40 | പി.സുകുമാരൻ നായർ, ഫൺ സിറ്റി | 11/692 | 4 |
| 3 | 41 | പി.സുകുമാരൻ നായർ, ത്രീഡി ഗെയിം | 11/691 | 4 |
| 4 | 61 | മുഹമ്മദ് ഹാരിസ്, ആയുർ ഹോമിയോ ക്ലിനിക്ക് | 6/432 | 4 |
| 5 | 62 | മുഹമ്മദ് ഹാരിസ്, ആയുർ വൈദ്യ മന | 6/419 | 2 |
| 6 | 95 | മുഹമ്മദാലി, സംഘം റൈസ് മിൽ | 10/222 | 4 |
| 7 | 126 | നിഖിൽ.കെ.എസ്, ആലപ്പി ഫർണ്ണീച്ചർ | 11/221-229<br>11/560-568<br>11/571-582 | 2 |
| 8 | 127 | സിംപിൾ സി ഗോപി സൂപ്പർമാർക്കറ്റ് | 11/406-492 | 4 |
| 9 | 143 | അബ്ദുൾ റഷീദ്, കല്ലിങ്കൽ മാർട്ട് | 5/510 | 3 |
| 10 | 150 | രുഗ്മിണി എ, യുവർ ചോയ്സ് സൂപ്പർ മാർക്കറ്റ് | 10/472-474 | 4 |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | അമ്മിണി കോളേജ് | 1&2 |
| 2 | പാലോട് ക്ഷീരസഹകരണ സംഘം | 1&2 |
| 3 | കണ്ണംപരിയാരം ക്ഷീരോൽപാദന സഹകരണ സംഘം | 1&2 |
| 4 | ജി എസ് സദൻ പാതിരിപ്പാല | 1&2 |
| 5 | ഗ്രാനൈറ്റ് വേൾഡ് | 1&2 |
| 6 | അൽ അമീൻ വുഡ് ഇൻഡസ്ട്രീസ് | 1&2 |
| 7 | എനർജി ട്രീറ്റ്മെന്റ് സെന്റർ | 1&2 |
| 8 | ഒമേഗ മാച്ച്ഇൻഡസ്ട്രീസ് | 1&2 |
| 9 | ആങ്കർ സ്ട്രക്ചർ പോൾ കാസ്റ്റിംഗ് യൂണിറ്റ് | 2 |
| 10 | ബ്രാഞ്ച് പോസ്റ്റോഫീസ്, കല്ലൂർ | 2 |
| 11 | മകം ബിൽഡിംഗ് പ്രോഡക്ട്ട്സ്, മങ്കര | 2 |

3. റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 12 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.08/25-06-2022-ന് മറുപടി നൽകിയിട്ടില്ല.

തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 45 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം ഉണ്ടാവുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ട വസ്തു നികുതി | പ്രാബല്യം | പ്രതിവർഷ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 11/499 | റഹ്മത്ത്, ചന്ദനപ്പറം, മങ്കര, 678613 | 180 ഷോപ്പുകൾ | 180x45= 8100 ഇളവ്- 20% വർദ്ധനവ്- 20% BT- 8100 LC- 405 Total-8505 | 180x60= 10800 ഇളവ്-20% വർദ്ധനവ്- 20% ARV പ്രകാരമുള്ള വസ്തു നികുതി- 4590 BT (Limitted)- 4590x2= 9180 LC- 459 Total- 9639 | 2013 First Half | 1134 |
| 2 | 12/312 | കണ്ണൻകൃപ കെ ജെ, കൊന്നയത്ത്, മങ്കര, 678613 | 150.19 ഗോഡൌൺ | 150.19x45= 6758.55 ഇളവ്- 30% വർദ്ധനവ് -20% BT- 6083 LC- 305 Total-6388 | 150.19x60= 9011.4 ഇളവ്-30% വർദ്ധനവ്- 20% BT- 8110 LC- 406 Total-8516 | 2019 First Half | 2128 |
| | | | | | ആകെ | | 3262 |

ഓഡിറ്റ് അന്വേഷണം നം.09/25-06-2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശം

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈടാക്കി ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-14 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ മുഴുവൻ ആനുകൂല്യവും നൽകിയിട്ടില്ല

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 വർഷം പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|

| നം. | | | |
|---|---|---|---|
| 22/21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (ജനറൽ) | 500000 (450000- വികസന ഫണ്ട്- ജനറൽ) 50000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 500000 (450000- വികസന ഫണ്ട്- ജനറൽ, ബിൽ നം. 11/20-21/01-10-20, 21/23-02-21) 50000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 17/23-02-21) |
| 23/21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (എസ് സി) | 250000 (വികസന ഫണ്ട് എസ്.സി.പി) | 225100 (ബിൽ നം. 12/01-10-20-95900, 19/25-02-21- 28500, 23/27-02-21-10070) |

പ്രോജക്ട് 22/21 പ്രകാരം 23 പേർക്കും, പ്രോജക്ട് 23/21 പ്രകാരം 10 പേർക്കുമാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28500/- രൂപ വരെ നൽകാവുന്നതാണ്. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന 21 കുട്ടികൾക്ക് 28500 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ ചില ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | പരമാവധി അനുവദിക്കാവുന്ന തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | ഭാഗ്യലക്ഷ്മി D/o ബാലാമണി, കാരക്കാട്ട് പറമ്പിൽ വീട്, മങ്കര | 28500 | 9000 |
| 2 | ഷെഹീർ.സി.യു, S/o ഷെമീറ.എ, ചീനിക്കപ്പറമ്പിൽ, മങ്കര | 28500 | 12000 |
| 3 | ഗൗതം.കെ.എം S/o ഗോപിക.സി, കാരുണ്യ കുരുത്ത് ഹൗസ്, മാങ്കുറിശ്ശി | 28500 | 7300 |

05-01-2021-ലെ സ.ഉ(സാധാ)നം.25/2021/ത.സ്വ.ഭ.വ പ്രകാരം ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പ്രത്യേക ധനസഹായമെന്ന നിലയിൽ മുഴുവൻ സാമ്പത്തിക ആനുകൂല്യങ്ങളും നൽകാൻ സർക്കാർ ഉത്തരവായിരുന്നു. അർഹമായ തുക അനുവദിക്കാത്തതിലും എല്ലാ കുട്ടികൾക്കും ആനുപാതികമായി തുക അനുവദിക്കാത്തതിലും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/27-06-2022 ന് മറുപടി നൽകിയിട്ടില്ല.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ പരമാവധി തുക ആനുപാതികമായി അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-15 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി- ജിഎസ്ടി ടിഡിഎസ് ഈടാക്കിയില്ല

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്. 08.09.2020-ലെ സർക്കുലർ നം. ഡി.എ1/87/2019 ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2020-21 -ൽ അനുപൂരക പോഷകാഹാര വിതരണം സംബന്ധിച്ച് തഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 20/21 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി- ജനറൽ | പ്ലാൻ ജനറൽ | 1280562 | 1280562 |
| | കേന്ദ്ര ഫണ്ട് | 700000 | 680695 |
| | ആകെ | 1980562 | 1961257 |
| 21/21 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി- എസ്.സി | എസ്.സി.പി | 650000 | 649985 |
| | കേന്ദ്ര ഫണ്ട് | 100000 | 83265 |
| | ആകെ | 750000 | 733250 |

പ്രോജക്ട് നം. 20/21 പ്രകാരം 1361532/- രൂപയും പ്രോജക്ട് നം. 21/21 പ്രകാരം 564480/- രൂപയും അമ്മ ഫുഡ്സ്, കല്ലേക്കാട് റോഡ്, കൊടുന്തിരപ്പുള്ളി, പാലക്കാട്-678004 (കുടുംബശ്രീയൂണിറ്റ്- GSTIN :32ATQPB1192F1ZZ) എന്ന സ്ഥാപനത്തിന്റെ 1443201000184 SBIN0001443 എന്ന അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. മേൽ വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല.

ഓഡിറ്റ് അന്വേഷണം നം. 11/27-06-2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി ഡയറി ഫാം ഇൻസ്ട്രക്റ്റർ 2020-21 വർഷം 3 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 9/21 പാലിന് സബ്സിഡി നൽകൽ | പ്ലാൻ ജനറൽ | 300000 | 300000 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 200000 | 200000 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 150000 | 150000 |
| | | ആകെ | 650000 | 650000 |
| 2 | 161/21 പാലിന് സബ്സിഡി നൽകൽ (SO) | ജില്ലാ പഞ്ചായത്ത് വിഹിതം | 150000 | 150000 |
| | | ആകെ | 150000 | 150000 |
| 3 | 214/21 പാലിന് | പ്ലാൻ SCP | 100000 | 100000 |

| | | | | |
|---|---|---|---|---|
| | സബ്സിഡി നൽകൽ (SC) | ജില്ലാ പഞ്ചായത്ത് വിഹിതം | 50000 | 50000 |
| | | ആകെ | 150000 | 150000 |

9/21 നമ്പർ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള നാലു ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ 226 ജനറൽ വിഭാഗത്തിലെ കർഷകർക്ക് 2020 ഏപ്രിൽ മാസം മുതൽ ഒക്ടോബർ മാസം വരെയും 61/21 നമ്പർ പദ്ധതി പ്രകാരം എസ്.സി വിഭാഗത്തിലെ 49 ക്ഷീരകർഷകർക്ക് 2021 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുമാണ് ലിറ്ററിന് 3 രൂപ നിരക്കിൽ ഇൻസെന്റീവ് അനുവദിച്ചിട്ടുള്ളത്.

സ.ഉ(കൈ)നം.22/18/ത.സ്വ.ഭ.വ തീയ്യതി 14.2.2018 പ്രകാരമുള്ള പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4 രൂപ നിരക്കിൽ ഒരു കർഷകന് ഇൻസെന്റീവ് നൽകാവുന്നതാണ്. എന്നാൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായി പരമാവധി നിരക്കിൽ പാലളവിന് ഇൻസെന്റീവ് നൽകുവാൻ സാധിച്ചിട്ടില്ല. സംയുക്ത പ്രൊജക്ടിന് സർക്കാർ ഉത്തരവുപ്രകാരമുള്ള പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധം വിഹിതം ഉറപ്പുവരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 13/27-06-2022 -ന് മറുപടി നൽകിയിട്ടില്ല.
ക്ഷീരകർഷകർക്ക് പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധം വിഹിതം ഉറപ്പുവരുത്തി പദ്ധതി ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ഫിഷറീസ് മേഖലയിൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയില്ല

കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയാവുന്നത്ര എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.14/2020/ആ.സാ.വ തീയതി 18-05-2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളുമാണ് ഈ പദ്ധതിയുടെ ഏകോപനം സാധ്യമാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി കമ്മിറ്റിയും വാർഡ് തലത്തിൽ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി വാർഡ് മെമ്പർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 215/20-21 |
| പ്രൊജക്ട് | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി |
| അടങ്കൽ | വികസനഫണ്ട്-പൊതുവിഭാഗം-131200<br>തനത്ഫണ്ട്-65600<br>മറ്റുള്ളവ-541200<br>ആകെ- 738000 |

പദ്ധതി നടപ്പാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.16/27-06-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18 തെരുവ് വിളക്ക് മെയിന്റനൻസ്- കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കിയില്ല

തെരുവു വിളക്കുകളുടെ പരിപാലനത്തിനായി 2020-21 വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ കരാറുകാരന് നൽകിയ തുകയിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ നമ്പരും പേരും | ബിൽ നമ്പർ & തീയതി | ചെലവഴിച്ച തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | 114/21,തെരുവ് വിളക്ക് മെയിന്റനൻസ് -(ധനകാര്യ കമ്മീഷൻ ഗ്രാന്റ് = 400000) | 30/12.11.20-6515/-<br>40/22.2.21-66020/-<br>43/16.3.21-79350/-<br>44/27.3.21-97240/- | 249125 | പെന്റലൈറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് അനുവദിച്ചത് |
| 2 | 147/21,തെരുവ് വിളക്ക് മെയിന്റനൻസ് (സ്പിൽ ഓവർ) -(ധനകാര്യ കമ്മീഷൻ ഗ്രാന്റ് = 300000) | 10/22.5.20-298410 | 298410 | സുഭാഷ് .കെ.എസ് , പവർ കൺട്രോൾ എഞ്ചിനീയേഴ്സിന് നൽകിയത് |

ആദായനികുതി ഈടാക്കി അതാത് ഹെഡിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-19 എൻ ആർ ഇ ജി എസ് ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ-നടപടിക്രമം പാലിച്ചില്ല

ചെലവ്-95500 (തനത് ഫണ്ട്)

പേമെന്റ് വൗച്ചർ നം.22001469/26.3.21-39500/-

പേമെന്റ് വൗച്ചർ നം.22001470/26.3.21-41500/-

പേമെന്റ് വൗച്ചർ നം.22001471/26.3.21-14500/-

എൻ ആർ ഇ ജി എസ് ഓഫീസിലേക്ക് 2 കമ്പ്യൂട്ടറുകളും ഒരു പ്രിന്ററും വാങ്ങുന്നതിനായി മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരം 95500/- രൂപ ചെലവഴിച്ചിട്ടുണ്ട്. പർച്ചേസിന് ക്വട്ടേഷൻ രീതിയാണ് അവലംബിച്ചിട്ടുള്ളത്. 'ഹണിവെൽ സിസ്റ്റംസ്' എന്ന സ്ഥാപനത്തിൽ നിന്നാണ് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങിയിട്ടുള്ളത്.

| ഇനം | അളവ് | ഇൻവോയിസ് നം. | തുക |
|---|---|---|---|
| എച് പി ഡെസ്ക്ടോപ്പ് | 1 | HWN/20-21 /239,18.3.21 | 39,500 |
| എച് പി ഡെസ്ക്ടോപ്പ്, മോണിട്ടർ | 1 | HWN/20-21 /236/17.3.21 | 41500 |
| എച്ച് പി സ്കാനർ കം പ്രിന്റർ | 1 | HWN/20-21 /245/20.3.21 | 14500 |
| ആകെ | 3 | | 95500 |

അപാകതകൾ ചുവടെ ചേർക്കുന്നു.

1)സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയഭരണസ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്പ് ടോപ്പുകൾ, പ്രിന്ററുകൾ തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ ഒരു ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ(www.cprcs.kerala.gov.in) വാങ്ങണമെന്ന് 18/11/2017 ലെ സ.ഉ (എം എസ് ) 24/2017/ITD നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ റ്റി മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിലുള്ള ഐ. റ്റി ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് വില നിശ്ചയിച്ച് വകുപ്പുകളിൽ വർക്ക് ഓർഡറിന്റെ അടിസ്ഥാനത്തിൽ വിതരണം നടത്തുന്നതിനുള്ള സൗകര്യമാണ് ഈ സംവിധാനത്തിലൂടെ ഒരുക്കിയിരിക്കുന്നത്. ഉത്തരവ് നം. ഐ.റ്റി.സെൽ-1/106/2019

/വി.സ.വ തിരുവനന്തപുരം/21.10.2019, നം. ഐ.റ്റി.സെൽ-1/126/2019/വി.സ.വ തിരുവനന്തപുരം/18.03.2019 മുതലായ ഉത്തരവിലൂടെയും ഐ.റ്റി ഉപകരണങ്ങൾ Cprcs മുഖേനമാത്രമേ വാങ്ങാവൂ എന്നും Cprcs ൽ ലഭ്യമായിട്ടുള്ള സാമഗ്രികൾ കൂടിയ വിലയ്ക്ക് ടെണ്ടറുകൾ, ക്വട്ടേഷനുകൾ മുതലായ ഇതര മാർഗ്ഗങ്ങളിലൂടെ വാങ്ങുന്നപക്ഷം അധികമായി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പർച്ചേസിന് നേതൃത്വം വഹിക്കുന്ന ഉദ്യോഗസ്ഥർക്കും സ്ഥാപനമേധാവിക്കും ആയിരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ജി.ഒ(പി) നം.10/2019/SP,22.8.19 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും CPRCS മുഖേന വാങ്ങണം എന്നുള്ള നിർദ്ദേശം പാലിക്കാതെ ക്വട്ടേഷൻ മുഖേനയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

2)എൻ ആർ ഇ ജി എസ് ഓഫീസിന്റെ അടിസ്ഥാനവികസനത്തിന് കേന്ദ്രഫണ്ട് ചെലവഴിക്കാമെന്നിരിക്കെ ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. അഡ്വാൻസ് രജിസ്റ്ററിൽ തുക റീക്കൂപ്പ് ചെയ്തതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. റീക്കൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും അത്തരത്തിലുള്ള രേഖകളൊന്നും ലഭ്യമാക്കിയില്ല

3) ക്വട്ടേഷൻ നടപടികളിലൂടെ പർച്ചേസ് നടത്തുന്നത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ശുപാർശ ലഭ്യമാക്കുകയോ ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ജി.ഒ(പി)259/2010തസ്വഭവ, 8.11.2010 ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ചചെയ്ത് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തിനു വിധേയമായി വാങ്ങലുകൾക്ക് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് മിനുട്സ് ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഈ വാങ്ങലുമായി ബന്ധപ്പെട്ട ഒരു തീരുമാനവും പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ തീരുമാനം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഭരണസമിതിയുടെ തീരുമാനം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും അത്തരത്തിലുള്ള രേഖകളൊന്നും ലഭ്യമാക്കുകയുണ്ടായില്ല.

5) തനത് ഫണ്ടിൽ നിന്നും പദ്ധതി തയ്യാറാക്കാതെയാണ് ചെലവ് നടത്തിയിട്ടുള്ളത്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/27.6.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശം

- ചെലവ് തുക തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്
- പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 കാർഷിക കർമ്മസേനക്ക് യന്ത്രം വാങ്ങൽ- കർമ്മസേനയുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല

പ്രൊജക്ട് നം. 19/21

അടങ്കൽ-270000

ചെലവ് -267300/-(ബിൽ നം.27/24.2.21-267300/-)

നിർവ്വഹണം-കൃഷി ഓഫീസർ

കാർഷിക കർമ്മസേനക്ക് യന്ത്രം വാങ്ങൽ പദ്ധതി പ്രകാരം കെയ്കോയിൽ നിന്ന് 297000/- വിലയുള്ള KUBOTA NSP 4W RICE TRANSPLANTER വാങ്ങുന്നതിന് 267300/- രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിന്റെ 90% തുകയാണ് പദ്ധതിവിഹിതത്തിൽ നിന്ന് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- പദ്ധതിയുടെ ഗുണഭോക്തൃവിഹിതം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതം

ഗ്രാമപഞ്ചായത്ത് മുഖേന ഈടാക്കുന്നതിന് പകരം നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്.

- വാങ്ങിയ യന്ത്രസാമഗ്രികൾ കാർഷികകർമ്മ സേനക്ക് കൈമാറിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതുകാർഷിക ആവശ്യത്തിനുമാത്രമേ ഉപയോഗിക്കൂ എന്നും സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനെക്കാൾ 20% കുറഞ്ഞ നിരക്കിൽ വാടക ഈടാക്കുമെന്നും വ്യവസ്ഥ ചെയ്തുകൊണ്ട് കർമ്മ സേനയുമായി കരാർ ചമച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്തി കാർഷികകർമ്മ സേനയുമായി എഗ്രിമെന്റ് ചമക്കേണ്ടതാണ്.
- ട്രാൻസ്പ്ലാന്ററിന്റെ ഉപയോഗം രേഖപ്പെടുത്തുന്നതിന് രേഖകൾ സൂക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തേണ്ടതുമാണ്.

## 1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നം.211/21

അടങ്കൽ-800000 (വികസനഫണ്ട് എസ് സി പി)

ചെലവ്-575000

നിർവ്വഹണം- വി ഇ ഒ

പട്ടികജാതിവിഭാഗത്തിൽപ്പെട്ട 5വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പഠനമുറിയുടെ യൂണിറ്റ് കോസ്റ്റ് 200000 രൂപയാണ്. ആകെയുള്ള 5 ഗുണഭോക്താക്കളിൽ 4 പേർ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

അക്ഷയ.ആർ D/O മീന, എന്ന വിദ്യാർത്ഥിക്ക് 125000 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് വാല്വേഷൻ എടുത്ത് അവസാന ഗഡു അനുവദിച്ചിട്ടില്ല. നിർമ്മാണ പുരോഗതിയുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/25.6.22) പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വാല്വേഷൻ എടുത്ത് ഉടൻ തന്നെ അടുത്ത ഗഡു അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-22 ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

2020-21 വർഷത്തെ ലൈഫ് ഭവന നിർമാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ എഗ്രിമെന്റ് ചമച്ച് ആദ്യഗഡുക്കൾ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവ് ഇതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല .

പ്രൊജക്ട് നം.247/21 ,ലൈഫ് ഭവനനിർമ്മാണം എസ് സി

അടങ്കൽ-228100

ചെലവ്-220000

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | എഗ്രിമെന്റ് തീയതി | ഇതുവരെ അനുവദിച്ച തുക |
|---|---|---|---|
| 1 | പ്രസന്ന രാജു, കരുവടത്തൊടി, ജി എസ് സദൻ, മങ്കര | 5.2.21 | 40000 |

നിർമ്മാണ പുരോഗതിയുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/25.6.22) ആദ്യഗഡു കൈപ്പറ്റിയശേഷം തറ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ മാത്രമാണ്

പൂർത്തീകരിച്ചതെന്നും നിരവധി തവണ ഈ വ്യക്തിയെ നേരിൽ കണ്ട് പണി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടെങ്കിലും നിർമ്മാണപ്രവർത്തി നടത്താത്തതിനാൽ രജിസ്റ്റേഡ് നോട്ടീസ് നൽകിയെങ്കിലും ആയത് ഗുണഭോക്താവ് കൈപ്പറ്റുകയുണ്ടായില്ല. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. ഭാഗികമായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് മോണിട്ടറിംഗ് സമിതിയുടെ ഇടപെടൽ ഉണ്ടാവേണ്ടതാണ്.

1-23 ഭവനപുനരുദ്ധാരണം- പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നം.6/21-വീട് വാസയോഗ്യമാക്കൽ പട്ടികജാതി വിഭാഗം

അടങ്കൽ-2000000 (വികസനഫണ്ട് എസ് സി പി)

ചെലവ്-870000

നിർവ്വഹണം- വി ഇ ഒ

പട്ടികജാതിവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. യൂണിറ്റ് കോസ്റ്റ് 30000 രൂപയാണ്. ഈ പദ്ധതി പ്രകാരം കരാർ ചമച്ചിട്ടുള്ള രണ്ട് ഗുണഭോക്താക്കൾ മുൻകൂർ തുകയായ 15000/- രൂപ കൈപ്പറ്റിയെങ്കിലും പുനരുദ്ധാരണ പ്രവർത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | ഇതുവരെ അനുവദിച്ച തുക |
|---|---|---|---|
| 1 | തത്ത ചാമി, ഭരതക്കാട്, മാങ്കുറുശ്ശി | 16.3.21 | 15000 |

ഭവന പുനരുദ്ധാരണത്തിന്റെ പുരോഗതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/25.6.22) പണി ഉടനെ പൂർത്തീകരിക്കാമെന്ന് ഗുണഭോക്താവ് അറിയിച്ചതായും പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആദ്യഗഡു കൈപ്പറ്റിയശേഷം ഭവന പുനരുദ്ധാരണ പ്രവർത്തി നാളിതുവരെ നടത്തിയിട്ടില്ലാത്തതിനാൽ അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്- ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നുള്ള ചെലവുകൾ പരിശോധിച്ചതിൽ കാരാട്ടുപറമ്പ്, കോട്ട, മയിലാട്ടം പാറ എന്നീ മൂന്ന് കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നുണ്ട്. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള അപാകതകൾ താഴെചേർക്കുന്നു.

1)ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ഓരോ കുടിവെള്ള പദ്ധതിയിലുമുള്ള ഗാർഹികകണക്ഷനുകളുടെയും വാണിജ്യ കണക്ഷനുകളുടെയും പൊതു ടാപ്പുകളുടെ യും എണ്ണം വ്യക്തമാകുന്ന രീതിയിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുള്ള ഓരോ ഗുണഭോക്താക്കളുടെയും വിവരങ്ങൾ രേഖപ്പെടുത്തി, അടവാക്കിയ തുകയുടെയും കുടിശ്ശികയുടെ വിവരവും രേഖപ്പെടുത്തി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ഈ പദ്ധതികളിൽ നിന്നും 2020-21 വർഷത്തിൽ കുടിവെള്ള ചാർജിനത്തിൽ 18600/-രൂപ മാത്രമാണ് വരവുള്ളത്. കുടിശ്ശികയായി 284394/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. ആയതിന്റെ വിശദാംശം രേഖപ്പെടുത്തി രജിസ്റ്റർ പൂർണമാക്കിയിട്ടില്ല.

2) കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി തനത് ഫണ്ടിൽനിന്നും തുക ചെലവഴിച്ചതിന്റെ വിവരം.

| ഇനം | ചെലവ് തുക (₹) |
|---|---|
| വൈദ്യുതി ചാർജ്ജസ് | 162036 |
| ആസ്തി പരിപാലന ചെലവ് | 36383 |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 67200 |
| ആകെ | 265619 |

3) സർക്കാർ ഉത്തരവ് (സാധാ) 1275/2009 / ത.സ്വ.ഭ.വ തീയ്യതി 30.05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് , സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും അത്തരത്തിലുള്ള നടപടിയൊന്നും സ്വീകരിച്ചതിന് രേഖകളില്ല. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/27.6.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2) കുടിവെള്ള പദ്ധതിക്കുകീഴിലുള്ള ഗുണഭോക്താക്കളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ശരിയായ ഡിമാന്റ് കണ്ടെത്തേണ്ടതുമാണ്.

3)വെള്ളക്കരത്തിലുള്ള കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുവാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്. യഥാർത്ഥ കുടിശ്ശിക വാർഷികകണക്കിൽ പ്രതിഫലിക്കേണ്ടതാണ്.

4)വെള്ളക്കരത്തിലൂടെ ഈടാക്കുന്ന തുകകളേക്കാൾ ചെലവ് വളരെ ഉയർന്ന് നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ചെലവ് കുറവ് ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാവേണ്ടാതാണ്. വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വെള്ളക്കരത്തിന്റെ നിരക്കുകൾ പരിഷ്കരിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കി കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിന്റെ സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-25 MGNREGS-മെറ്റീരിയൽ വർക്ക്-പ്രൊക്യൂർമെന്റ് മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല

ടെണ്ടർ രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ മെറ്റീരിയൽ വർക്ക് ഉൾപ്പെടുന്ന 49 പ്രവർത്തികൾക്ക് ടെണ്ടർ ക്ഷണിക്കുകയും ഭരണസമിതിയുടെ 18.9.2020 തീയതിയിലെ 3(1) തീരുമാന പ്രകാരം 20 പ്രവൃത്തികളുടെയും, 18.01.21 തീയതിയിലെ 3(1) തീരുമാന പ്രകാരം 29 പ്രവർത്തികളുടെയും, ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ പ്രവർത്തിക്കും രണ്ട് വീതം ടെണ്ടറുകളാണ് ലഭ്യമായിട്ടുള്ളത്.

സ.ഉ(കൈ)നം.93/2012/തസ്വഭവ, തീയതി 31.3.2012 തൊഴിലുറപ്പ് സാധനസാമഗ്രികൾ വാങ്ങലും സംഭരണവും വിനിയോഗവും മാർഗനിർദ്ദേശം പ്രകാരം മെറ്റീരിയൽ വർക്കിനാവശ്യമായ സാധനങ്ങൾ സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ച് പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ച എല്ലാ പ്രവൃത്തികളിലും റോഡ് കോൺക്രീറ്റ്, തൊഴുത്ത് നിർമ്മാണം എന്നിവയിലെ ഇനങ്ങൾക്കാവശ്യമായ സാധന സാമഗ്രികളാണ് വാങ്ങിയിട്ടുള്ളത്. എല്ലാ

പ്രവർത്തികൾക്കും ആവശ്യമായ മെറ്റീരിയലുകളുടെ അളവ് കണക്കാക്കി ആകെ തുകക്ക് ഇ-ടെണ്ടർ ചെയ്ത് റണ്ണിംഗ് കോൺട്രാക്ട് നൽകുന്നതിനു പകരം ഓരോ പ്രവർത്തിക്കുമായും ഓപ്പൺ ടെണ്ടർ ക്ഷണിച്ച് ഓരോ വർക്കിനും പ്രത്യേകമായി പർച്ചേസ് നടത്തുകയാണ് ചെയ്തിട്ടുള്ളത്.

പ്രൊക്യൂർമെന്റ് മാർഗനിർദ്ദേശം പാലിച്ച് മത്സരാധിഷ്ഠിത ടെണ്ടർ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/27.06.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഭാവിയിൽ നടപ്പിലാക്കുന്ന മെറ്റീരിയൽ വർക്ക് ഉൾപ്പെടുന്ന പ്രവൃത്തികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-26 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാനുവലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാനുവലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 191/21, കുനിയംപാടം ചീരക്കുഴി റോഡ് പുനരുദ്ധാരണം (SO.129/20)<br>അടങ്കൽ -150000 (MG-R)<br>ചെലവ്- 145087 (ബിൽ നം.41//14.8.20)<br>APAC-131047.67 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.രമേഷ്.വി.ആർ<br>എഗ്രിമെന്റ് നം. 58/2019-20 /AE/LSGD/MKRA<br>Dt.28.11.2019<br>ഭരണ സമിതി തീരുമാനം : 23.10.2019, തീരുമാനം നം.2(1) | 26.10.2019 | 08.11.2019 | 28.11.2019 | 1310 |
| 2 | 189/21, മയിലാവ് കോട്ട റോഡ് മെയിന്റനൻസ് (SO.101/20)<br>അടങ്കൽ -400000 (MG-R) | 26.10.2019 | 08.11.2019 | 28.11.2019 | 3540 |

| | | | | | |
|---|---|---|---|---|---|
| | ചെലവ്-392042 (ബിൽ നം.40/14.8.20)<br>APAC-353961.33 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.രമേഷ്.വി.ആർ<br>എഗ്രിമെന്റ് നം. 53/2019-20 /AE/LSGD/MKRA<br>Dt.28.11.2019<br>ഭരണ സമിതി തീരുമാനം : 23.10.2019, തീരുമാനം നം.2(1) | | | | |
| 3 | 165/21, നെട്ടമണ്ട- കുനിയംപാടം റോഡ് മെയിന്റനൻസ് (SO.109/20)<br>അടങ്കൽ -200000 (MG-R)<br>ചെലവ്- 194061 (ബിൽ നം.31/14.8.20)<br>APAC-175276.29 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.രമേഷ്.വി.ആർ<br>എഗ്രിമെന്റ് നം. 55/2019-20 /AE/LSGD/MKRA<br>Dt.28.11.2019<br>ഭരണ സമിതി തീരുമാനം : 23.10.2019, തീരുമാനം നം.2(1) | 26.10.2019 | 08.11.2019 | 28.11.2019 | 1751 |
| 4 | 176/21, താവളം പുറയത്ത് റോഡ് മെയിന്റനൻസ് (SO.202/20)<br>അടങ്കൽ -200000 (MG-R)<br>ചെലവ്- 194679 (ബിൽ നം.30/14.8.20)<br>APAC- 176329.18 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.രമേഷ്.വി.ആർ<br>എഗ്രിമെന്റ് നം. 57/2019-20 /AE/LSGD/MKRA<br>Dt.28.11.2019<br>ഭരണ സമിതി തീരുമാനം : 23.10.2019, തീരുമാനം നം.2(1) | 26.10.2019 | 08.11.2019 | 28.11.2019 | 1763 |
| 5 | 201/21, മാട്ടം അങ്കണവാടി- പുതുക്കുളം റോഡ് കോൺക്രീറ്റും സൈഡ് കെട്ടലും | 26.10.2019 | 08.11.2019 | 28.11.2019 | 2287 |

| | | | | | | |
|---|---|---|---|---|---|---|
| | | (SO.196/20)<br>അടങ്കൽ -260217 (Development Fund- SCP)<br>ചെലവ്- 249975 (ബിൽ നം.29/19.06.20)<br>APAC- 228718.98 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.രമേഷ്.വി.ആർ<br>എഗ്രിമെന്റ് നം. 52/2019-20 /AE/LSGD/MKRA<br>Dt.28.11.2019<br>ഭരണ സമിതി തീരുമാനം : 23.10.2019, തീരുമാനം നം.2(1) | | | | |
| | 6 | 188/21, മാലിന്യ സംസ്കരണ പ്ലാന്റിൽ ചുറ്റമതിൽ സ്ഥാപിക്കൽ (SO.214/20)<br>അടങ്കൽ -400000 (390000-Development Fund- General, 1000-Own Fund)<br>ചെലവ്- 396380 (ബിൽ നം.23/23.04.20)<br>APAC- 353910.80 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.ബിനുക്കുട്ടൻ.ജി<br>എഗ്രിമെന്റ് നം. 49/2019-20 /AE/LSGD/MKRA<br>Dt.12.11.2019<br>ഭരണ സമിതി തീരുമാനം : 23.10.2019, തീരുമാനം നം.2(1) | 26.10.2019 | 08.11.2019 | 12.11.2019 | 3539 |
| | 7 | 171/21, മയിലാടുംപാറ-എസ്.സി. കോളനി റോഡ് റീടാറിംഗ് (SO.192/20)<br>അടങ്കൽ -400000 (Development Fund- SCP)<br>ചെലവ്- 392571 (ബിൽ നം.03/22.04.20)<br>APAC- 355528.03 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ.രമേഷ്.വി.ആർ<br>എഗ്രിമെന്റ് നം. 59/2019-20 /AE/LSGD/MKRA | 26.10.2019 | 08.11.2019 | 28.11.2019 | 3555 |

| | | | | | |
|---|---|---|---|---|---|
| | Dt.18.11.2019<br>ഭരണ സമിതി തീരുമാനം : 23.10.2019, തീരുമാനം നം.2(1) | | | | |
| | | | | ആകെ | 17745 |

കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 2/25.6.22) ക്ക് എഗ്രിമെന്റ് വൈകിയതിനുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കരാറുകാരിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 പകൽ വീട്- നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല

പകൽ വീട് നിർമ്മാണം പൂർത്തീകരണത്തിന്റെ ഭാഗമായി ചുറ്റുമതിൽ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നീ ആവശ്യങ്ങളിലേക്കായി 2020-21 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രോജക്ടുകൾ വെച്ച് തുക ചെലവഴിച്ചിട്ടുണ്ട്. നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ നമ്പരും പേരും | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 74/21, പകൽ വീടിന് അടിസ്ഥാന സൗകര്യമൊരുക്കൽ | 250000 | 149701 | 88/31.3.21 |
| 2 | 156/21, പകൽ വീടിന് അടിസ്ഥാന സൗകര്യമൊരുക്കൽ (സ്പിൽ ഓവർ) | 205000 | 160320 | 4/22.4.20-51564, 5/22.4.20-108756 |

പകൽ വീട് നിർമ്മാണത്തിന് 2019-20 ൽ 958276 രൂപയും, 2020-21 ൽ 310021 രൂപയും ചെലവഴിച്ചിട്ടുണ്ടെങ്കിലും പകൽ വീട് നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. നിലവിൽ പകൽ വീടിലേക്ക് വഴി സൗകര്യം വയോജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിലുള്ളതല്ലെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. മെച്ചപ്പെട്ട വഴി സൗകര്യം ലഭ്യമാക്കി പകൽ വീട് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/25.05.2022) പകൽ വീട് പ്രവർത്തനക്ഷമമാക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞു എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## 1-28 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ

2020-21 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 144 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 91 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 49 പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 42 പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹ 41714253 വകയിരുത്തിയതിൽ ₹ 23723623 ആണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷത്തെ ആകെ ചെലവ് 56.87% ആണ്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1435000 | 1004702 |

| | | |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 3810217 | 1709871 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8340000 | 5485552 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3072000 | 1035743 |
| തനത് ഫണ്ട് | 2441000 | 745011 |
| മെയി.ഫണ്ട്(റോഡ്) | 18967000 | 11764444 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 3379036 | 1978300 |
| മറ്റുള്ളവ | 270000 | 0 |
| ആകെ | 41714253 | 23723623 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തീയതി, ടെണ്ടർ സ്വീകരിച്ച ആളുടെ ഒപ്പ്, ടെണ്ടർ തുക, ഭരണ സമിതി തീരുമാനം നം./തിയതി എന്നിവ എഴുതുന്നില്ല.

4. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല.

5. സചിത്ര സോഫ്റ്റ്വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

വികസന സ്റ്റാന്റിംഗ് കമ്മിറ്റി മരാമത്ത് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാനുവൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/25.06.2022)

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്- ഫീസ് കുറവായി ഈടാക്കി

31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ പുതുക്കിയ പട്ടിക II പ്രകാരം സേവന മേഖലയിൽ 2 കോടി രൂപയിൽ കവിയുന്നതും 5 കോടി രൂപയിൽ കവിയാത്തതുമായ ഇടത്തരം സംരഭങ്ങൾക്ക് ചുമത്താവുന്ന ലൈസൻസ് ഫീസ് 10000/- രൂപയാണ്. താഴെ പറയുന്ന സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം | ചുമത്താവുന്ന പരമാവധി | ചുമത്തിയ ഫീസ് | വ്യത്യാസം | ലൈസൻസ് ഫീസ് അടവാക്കിയ രശീതി |
|---|---|---|---|---|---|

| | | ഫീസ് | | | നമ്പർ, തീയതി |
|---|---|---|---|---|---|
| ഫോർച്ച്യൂൺ ഹിൽസ് ഹോട്ടൽ & ലോഡ്ജിംഗ് | 3.29 കോടി (സേവനം) | 10000 | 5000 | 5000 | 120030103336/ 17-02-21 |

ഓഡിറ്റ് അന്വേഷണം 06/25-06-2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കുറവായി ഈടാക്കിയ തുക 5000 രൂപ ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 21.06.2022 മുതൽ 27.06.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 43047 | 207/21, ലൈഫ് ഭവന നിർവ്വഹണം-ജനറൽ | 43047 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 35106 | 207/21, ലൈഫ് ഭവന നിർവ്വഹണം-ജനറൽ | 35106 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 333099 | 208/21, ലൈഫ് ഭവന നിർവ്വഹണം-ജനറൽ | 333099 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 628244 | 208/21, ലൈഫ് ഭവന നിർവ്വഹണം-ജനറൽ | 628244 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 353080 | 151/21, നെൽകൃഷിക്കുള്ള കൂലിചെലവ് (SO) | 353080 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1067292 | 151/21, നെൽകൃഷിക്കുള്ള കൂലിചെലവ് (SO) | 1067292 | - |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 50000 | 218/21, സുഭിക്ഷ കേരളം പദ്ധതി-വീട്ടുവളപ്പിൽ കിഴങ്ങ് കൃഷി | 50000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 212259 | 14/21, വനിതകൾക്കുള്ള നെൽകൃഷി കൂലിചെലവ് | 212259 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 194071 | 14/21, വനിതകൾക്കുള്ള നെൽകൃഷി കൂലിചെലവ് | 194071 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 745161 | 11/21, നെൽകൃഷിക്കുള്ള കൂലിചെലവ് | 745161 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 681265 | 11/21, നെൽകൃഷിക്കുള്ള കൂലിചെലവ് | 681265 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 50000 | 22/21, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (ജനറൽ) | 50000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 150000 | 9/21, പാലിന് സബ്സിഡി നൽകൽ | 150000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | 9/21, പാലിന് സബ്സിഡി നൽകൽ | 200000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 50000 | 214/21, പാലിന് സബ്സിഡി നൽകൽ-SC | 50000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 150000 | 161/21, പാലിന് സബ്സിഡി നൽകൽ-SO | 150000 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 220000/- രൂപ ലഭ്യമായത് മുഴുവൻ വിനിയോഗിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ എടുത്ത വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ്- KUR DFC വായ്പ | -- | 220000 | 12120518 | *1198784 | - | 11141734 |

*ജി.ഒ പ്രൊജക്ട് ജനറൽ പ്രകാരം 936235/- രൂപയും എസ് സി ഫണ്ട് അലോട്ട്മെന്റിൽ നിന്ന് 102549/- രൂപയും കുറവ് ചെയ്തിട്ടുണ്ട് (എസ് സി ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുകക്ക് ജി.ഒ പ്രൊജക്ട് രൂപീകരിച്ചിട്ടില്ല). അലോട്ട്മെന്റിൽ നിന്നും കുറവ് ചെയ്ത തുക കൂടാതെ 160000/- രൂപ നേരിട്ട് തിരിച്ചടച്ചിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 3800 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2017-18 | 3-2 | 3800 | 120030101417/ 18.09.2020 | ശ്രീ. കെ.ജയദാസ്, സെക്രട്ടറി |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകത | നിലവിൽ സമിതിയുടെ പരിഗണനയിൽ ആണ്. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 16176993 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 68045521 |
| ആകെ | 84222514 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68764015 |
| നീക്കിയിരിപ്പ് | 15458499 |
| വരവിനങ്ങളിലുള്ള നഷ്ടം | 5000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5000 | - | ശ്രീ.ജയദാസ്.കെ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 17745 | ശബ്ന.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയദാസ്.കെ, സെക്രട്ടറി | വിരമിച്ചു. | കൃഷ്ണ നിവാസ്, കൊന്നയത്ത്, മങ്കര |
| ശബ്ന.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മങ്കര ഗ്രാമപഞ്ചായത്ത് | ഇ-1സി, ന്യൂ സിവിൽ നഗർ, പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി6-629/96/12.11.96 | KSA.PKD 17/973/208 Dt.9.10.2018 പ്രകാരം തീർപ്പാക്കി |
| 97-98 | എൽ.എഫ്.പി7-1015/01/31.10.01 | |
| 98-99 | എൽ.എഫ്.പി 7-610/02/4.9.02 | |
| 99-2000 | എൽ.എഫ്.പി 12-997/03/31.10.02 | |
| 2000-01 | എൽ.എഫ്.പി 12-8/8.5.04(plan) | |
| 2000-01 | എൽ.എഫ്.പി12-453/A/04/12.8.04 | |
| 2001-02 | എൽ.എഫ്.പി12 -453/B/04/ 12.8.04 | |
| 2002-03 | എൽ.എഫ്.പി12 -929/05/3.2.05 | 9 |
| 2003-04 | എൽ.എഫ്.പി12-929/05/3.2.05 | 6 |
| 2004-05 | എൽ.എഫ്.പി 12-903/07/10.6.08 | 1 |
| 2005-06 | എൽ.എഫ്.പി 12-904/07/10.6.08 | 1 |
| 2006-07 | എൽ.എഫ്.പി 12-537/09/8.3.11 | 1 |
| 2007-08 | എൽ.എഫ്.പി 12-538/09/8.3.11 | തീർപ്പാക്കി |
| 2008-09 | എൽ.എഫ്.പി171365/12/23.12.12 | തീർപ്പാക്കി |
| 2009-10 | എൽ.എഫ്.പി 12-2066/11/23.12.11 | 1 |
| 20010-11 | എൽ.എഫ്.പി 17-1422/13/4.3.14 | തീർപ്പാക്കി |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.പി 17-1175/14/17.7.14 | തീർപ്പാക്കി |
| 2012-13 | എൽ.എഫ്.പി 17-636/15/6.7.15 | തീർപ്പാക്കി |
| 2013-14& 2014-15 | കെ.എസ്.എ.പി.കെ.ഡി17-1180/16/ 25/7/2016 | 11 |
| 2015-16 | കെ.എസ്.എ-പികെഡി-17-2253/2016 /24.12.2016 | 16 |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി.17-1686/2017 /18.09.2017 | 14 |
| 2017-18 | നം.കെ.എസ്.എ.പി.കെ.ഡി.17-2430/2018 /12.02.2019 | 10 |
| 2018-19 | നം.കെ.എസ്.എ.പി.കെ.ഡി 17-120/2020 /04.06.2020 | 22 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി 17-929/2022 /17.06.2022 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം .3

## വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

Mankara Grama Panchayat
RECEIPT & PAYMENT statement for the period from 01-April-2020 to 31 March-2021

| Code No. | Description | Schedule No. | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16176993.00 |
| Cash | Cash | RP-40(a) | 0.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 624430 |
| 130000000 | Rental Income from Panchayat properties | RP-3 | 240070.00 |
| 140000000 | Fees & User Charges | RP-4 | 387657.00 |
| 150000000 | Sale & Hire Charges | RP-5 | 306242.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52944679.00 |
| 171000000 | Interest Earned | RP-9 | 2.00 |
| 320000000 | Grants. Funds & Contributions for Specific Purposes | RP-31 | 7438388.00 |
| 350000000 | Other Liabilities | RP-36 | 57053.00 |
| 180000000 | Other Income | RP-10 | 35327.00 |
| 311000000 | Earmarked Funds | RP-29 | 38600.00 |
| 312000000 | Reserves | RP-30 | 45600.00 |
| 330000000 | Secured Loans | RP-32 | 220000.00 |
| 340000000 | Deposits Received | RP-34 | 957528.00 |
| 350000000 | Other Liabilities | RP-36 | 223960.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3015255.00 |
| 460000000 | Loans. Advances and Deposits | RP-47 | 1510730.00 |
| | Grand total | | 84222514 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3339587.00 |
| 220000000 | Adn1inislrative Expenses | RP-12 | 1265011.00 |
| 230000000 | Operations & Maintenance | RP-1 3 | 1806037.00 |
| 250000000 | Decen1ralised Plan Programme- Productive Sector | RP-15 | 6443039.00 |
| 251000000 | Decentralized Plan Progrmnme- Service Sector | RP-16 | 18437700.00 |
| 252000000 | Decentralized Plan Programme- Infrastructure Sector | RP-17 | 4103689.00 |
| 253000000 | Decentralized Plan Programme- Project not included in<br><br>Sector Division | RP-18 | 1950695.00 |
| 254000000 | Expenditures of transferred institutions and State-Sponsored Schemes | RP-19 | 1580495.00 |
| 255000000 | Maintenance Projects | RP-20 | 14994074.00 |
| 280000000 | Prior Period Items | RP-26 | 2120.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 386391.00 |
| 350000000 | Other Liabilities | RP-36 | 4316662.00 |
| | Non-Operating | | |
| 240000000 | Interest & Finance Charges | RP-14 | 58779.00 |
| 311000000 | Earmarked Funds | RP-29 | 21150.00 |
| 330000000 | Secured Loans | RP-32 | 160000.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 505418.00 |
| 350000000 | Other Liabilities | RP-36 | 2066101.00 |
| 410000000 | Fixed Assets | RP-38 | 3966006.00 |
| 412000000 | Capital Work in Progress | RP-40 | 185000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1826688.00 |
| 460000000 | Loans, Advances and Deposits | RP-47 | 1353613.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 15333082.00 |
| Cash | Cash | RP-40(b) | 125417.00 |
| | Grand Total | | 84222514.00 |

ഡെപ്യൂട്ടി ഡയറക്ടർ

Mankara Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2020 to 31- March-2021

| Code No. | Descriptions | Schedule No. | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3,434,712.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 255,970.00 |
| 140000000 | Fee & User Charges | I-4(b) | 523,477.00 |
| 150000000 | Sale & Hire Charges | I-5(b) | 306,242.00 |
| 160000000 | Revenue Grants, Funds, Contributions & Cotnpensations / Subsidies | I-6 | 143,989,426.00 |
| 171000000 | Interest Earned | I-8 | 2.00 |
| 180000000 | Other Income | I-9 | 35,327.00 |
| | Total Income | | 148,545,156.00 |
| 210000000 | Establishment Expenses | I-10(b) | 9,740,933.00 |
| 220000000 | Administrative Expenses | I-10(b) | 1,265,011.00 |
| 230000000 | Operations & Maintenance | I-12(b) | 1,806,037.00 |
| 240000000 | Interest & Fh1ance Charges | I-13 | 58,779.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6,443,039.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 61,473,606.00 |
| 252000000 | Decentralised Plan Programme-Infrastrncmre Sector | I-14(b) | 4,103,689.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1,950,695.00 |
| 254000000 | Expenditures of transferred Institution and State-Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 43,022,595.00 |
| 255000000 | Maintenance Projects | I-14(e) | 14,994,074.00 |
| 272000000 | Depreciation | I- 17(a) | 4,290,669.00 |
| | Total Expenditure | | 149,149,127.00 |
| | Gross Surplus/ Deficit of income over Expenditure | | (603,971.00) |
| 280000000 | Prior Period Hem | I-18 | 186,955.00 |
| 290000000 | Gross Surplus/Deficit of Income over Expenditure after prior period items. Transfer to Reserve Funds | | (790,926.00) |
| | Net balance being surplus/deficit carried over to | | |

| | Balance sheet (Panchayat Fund) | |
|---|---|---|

ഡെപ്യൂട്ടി ഡയറക്ടർ

Mankara Grama Panchayat

BALANCE SHEET as on 31-March-2021

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve& Surplus | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 11431387.15 |
| 311000000 | Earmarked Funds | B-2 | 79100.00 |
| 312000000 | Reserves | B-3 | 35111542.00 |
| | *Total Reserve& Surplus* | | 46622029.15 |
| | Grants, Contributions for specific purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 11829684.00 |
| | *Total Grants, Contributions for specific purposes* | | 11829684.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 11141734.00 |
| | *Total Loans* | | 11141734.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 917949.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 861579.85 |
| | *Total CurrentLiabilities and Provisions* | | 1779528.85 |
| | TOTAL LIABILITIES | | 71372976.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 55574592.00 |
| 411000000 | Accumulated Depreciation | B-11 | (13926635.00) |
| 412000000 | Capital Work In Progress | B-11(a) | 185000.00 |
| | *Total Fixed Assets* | | 41832957.00 |
| | Current Assets, Loans, and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 2356843.00 |
| 440000000 | Pre-paid Expenses | B-16 | 11141734.00 |
| 450000000 | Cash and Bank balance | B-17 | 15458499.00 |
| 460000000 | Loans, Advances and Deposits | B-18 | 582943.00 |
| | *Total Current Assets, Loans and Advances* | | 29540019.00 |
| | TOTAL ASSETS | | 71372976.00 |

ഡെപ്യൂട്ടി ഡയറക്ടർ